**ദനഹാക്കാലം നാലാം ഞായർ**

**യോഹ 4:1-26**

## ഞാൻ ആരാണെന്ന് നീ അറിഞ്ഞിരുന്നെങ്കിൽ

**സി. മരിയ എസ്എബിഎസ്**

ഈശോയുടെ പരസ്യജീവിതമാണ് ദനഹാക്കാലത്തിൽ നാം വിചിന്തന വിഷയമാക്കുന്ന സുപ്രധാന കാര്യങ്ങളിൽ ഒന്ന്. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന ഒരു വചനഭാഗമാണ് ഇന്നത്തെ പരിചിന്തനത്തിന് ആധാരം. കൂടാതെ സുവിശേഷങ്ങളിൽ നാം കാണുന്ന ഈശോയുടെ ഏക സമരിയ മിനിസ്ട്രി കൂടിയാണ് ഈ വചനഭാഗം (യോഹ. 4:1-26). യേശുവും സമരിയാക്കാരിയും തമ്മിലുള്ള സംഭാഷണം ആണ് ഇവിടെ സുവിശേഷകൻ പങ്കുവയ്ക്കുന്നത്. പശ്ചാത്തലം, കണ്ടുമുട്ടൽ എന്നിങ്ങനെ ഈ വചനഭാഗത്തെ രണ്ടായി തിരിക്കാം. ഇവർ കണ്ടുമുട്ടിയ സ്ഥലം, സാഹചര്യം എന്നിവയാണ പശ്ചാത്തലഭാഗത്ത് സുവിശേഷകൻ വിവരിക്കുന്നത്. സമരിയ പലസ്തീനായിലെ ഒരു പട്ടണമാണ്. യഹൂദരും സമരിയാക്കാരും കാലങ്ങളായി ശത്രുതയിലാണ്. രണ്ടു കൂട്ടരും പാരമ്പര്യത്തിലും വിശ്വാസത്തിലും ആചാരങ്ങളിലും വ്യത്യസ്തത പുലർത്തുന്നു.

രണ്ടാം ഭാഗത്ത് ഈശോയെ കൂടാതെ സമരിയാക്കാരി സ്ത്രീയെ സുവിശേഷകൻ നമുക്ക് പരിചയപ്പെടുത്തുന്നു. അവൾക്ക് പേരില്ല. പകരം സ്ഥലപ്പേര് കൂട്ടിവിളിക്കുന്നു. ഒരു സ്ത്രീ, അതും ഒരു സമരിയാക്കാരി, അവളുടെ വ്യക്തിത്വമില്ലായ്മ, സമൂഹം ഭ്രഷ്ട് കല്പിച്ചിരിക്കുന്നവൾ. മൂന്നാം അധ്യായത്തിൽ ഈശോ കണ്ടുമുട്ടുന്ന ഒരു യഹൂദപ്രമാണിയുണ്ട്. പേരുണ്ടവന്. നിക്കോദേമോസ്. ഫരിസേയനാണ്. നിയമങ്ങൾ എല്ലാം അവന് അറിയാം. പ്രൗഢഗംഭീരമായി നിക്കോദേമോസിനെ സുവിശേഷകൻ അവതരിപ്പിക്കുമ്പോൾ ഇവിടെ അതൊന്നും ഇല്ല. ദൈവത്തിന്റെ വിവേചനമില്ലാത്ത സ്നേഹവും അതിരുകളില്ലാത്ത കരുണയും സുവിശേഷകൻ ഊന്നിപ്പറയുന്നു. ദാഹം ശമിക്കാതെ ഓടിനടക്കുന്ന, അപൂർണമായ അറിവോടുകൂടി സത്യത്തിൽ നിന്നും മാറിനിൽക്കുന്ന ഓരാത്മാവും, എന്നേക്കുമായി ദാഹം ശമിപ്പിക്കാൻ കഴിവുള്ള യേശുവും തമ്മിലുള്ള കണ്ടുമുട്ടലാണ് സുവിശേഷകൻ വിവരിക്കുന്നത്. ഒരു കിണറ്റിൻകരയുടെ പശ്ചാത്തലത്തിൽ എനിക്ക് കുടിക്കാൻ തരിക എന്ന അഭ്യർത്ഥനയോടെ സംഭാഷണത്തിന് ഈശോ തുടക്കം കുറിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ കിണറ്റിൻകരയിൽ അരങ്ങേറിയ കണ്ടുമുട്ടലുകളെല്ലാം ഒരു നല്ല തുടക്കത്തിനുള്ള പശ്ചാത്തലങ്ങളാണ് (ഉത്പ. 26:29; പുറ. 2).

അപ്പം, മുന്തിരിച്ചെടി, വഴി, സത്യം, ജീവൻ, പ്രകാശം എന്നീ മാധ്യമങ്ങളിലൂടെ ഈശോ തന്നെത്തന്നെ വെളിപ്പെടുത്തുന്നതുപോലെ ഇവിടെ ഈശോ ഉപയോഗിക്കുന്ന മാധ്യമം ജലം ആണ്. ഭൗതികജലവും അതിനെ ചുറ്റിപ്പറ്റിയുള്ള കാര്യങ്ങളും അവൾ അവതരിപ്പിക്കുമ്പോൾ ജീവജലത്തെയും അതിന്റെ സ്രോതസ്സിനെയും കുറിച്ച് ഈശോ സംസാരിക്കുന്നു. ഇവിടെ സമരിയാക്കാരി സ്ത്രീയെയും അവളുടെ ചുറ്റുപാടുകളെയും പ്രതീകാത്മകമായി സുവിശേഷകൻ വരച്ചു കാട്ടുന്നു. അവൾ സഭയുടെ പ്രതീകമാണ്. നമ്മുടെ ഓരോരുത്തരുടെയും പ്രതീകമാണ്.

കടൽ മുന്നിൽ ഉള്ളപ്പോൾ വെള്ളത്തിനായി കൈത്തോട് ഉണ്ടാക്കുന്ന, സൂര്യൻ പ്രകാശം തരുമ്പോൾ വെളിച്ചത്തിനായി മെഴുകുതിരി കത്തിക്കുന്ന, ഒരാത്മാവിന്റെ അറിവില്ലായ്മയുടെ ചിത്രം സമരിയാക്കാരി സ്ത്രീയിലൂടെ സുവിശേഷകൻ ഭംഗിയായി അവതരിപ്പിക്കുന്നു. അതേസമയം, ഞാൻ ആരാണ് എന്ന് നീ അറിഞ്ഞിരുന്നുവെങ്കിൽ എന്ന വികാരതീവ്രതയോടെയുള്ള യേശുവിന്റെ ആഗ്രഹവും വെളിപ്പെടുത്തലും വായനക്കാരന് ഭൗതികതയിൽനിന്ന് ആത്മീയതയിലേക്ക് ഉള്ള ഒരു വിളിയാണ്. ദൈവത്തിന്റെ അഗാധമായ കരുണയുടെ മുഖമാണ് ഇവിടെ കാണാൻ സാധിക്കുന്നത്. യേശുവാകുന്ന ജീവജലത്തെ സ്വന്തമാക്കാൻ ആദ്യം വേണ്ടത് അനിവാര്യമായ ദാഹവും ദാഹശമനത്തിനുള്ള തീവ്രമായ അന്വേഷണവും കണ്ടെത്തലുമാണ് എന്ന് ഈശോ മുന്നറിയിപ്പ് കൊടുക്കുമ്പോൾ ആ ജലം എനിക്കും തരിക എന്ന സമരിയാക്കാരിയുടെ മറുപടി എല്ലാ സഭാമക്കളിൽ നിന്നും ഉയരേണ്ട പ്രാർത്ഥനയാണ്.

തുടർന്നുള്ള സംഭാഷണം ആഴമേറിയ ആത്മീയത അവതരിപ്പിക്കുന്നു. ഇതിനിടയിൽ ഈശോ മൂന്നു പ്രാവശ്യം തന്നെത്തന്നെ വെളിപ്പെടുത്തുന്നു. 1) ഞാനാണ് ജീവജലം; ജീവജലത്തിന്റെ ഉറവ. 2) പ്രവാചകൻ. 3) മിശിഹാ/ക്രിസ്തു. ഏറ്റവും അവസാന തിരുവചനത്തിൽ വായനക്കാരൻ എത്തിനിൽക്കുമ്പോൾ വിശുദ്ധ ഗ്രന്ഥം മുഴുവൻ മാറ്റൊലി കൊള്ളുന്ന ഒരു ദൈവത്തെ നമുക്കായി പരിചയപ്പെടുത്തുന്നു: ഞാൻ ആകുന്നു അവൻ. ഗ്രീക്കിൽ എഗോ എയ്മി എന്നാണ് I am ഞാൻ ആകുന്നു എന്നതിന് പറയുക. പഴയനിയമത്തിൽ നീ കണ്ടുമുട്ടിയ ദൈവം ഞാൻ ആകുന്നു. നിന്റെ പൂർവ പിതാക്കന്മാരുടെ ദൈവം ഞാൻ ആകുന്നു. ഒരിക്കലും മാറ്റമില്ലാത്തവൻ ഞാൻ ആകുന്നു. നീ പ്രതീക്ഷിക്കുന്ന മിശിഹാ ഞാൻ ആകുന്നു. എല്ലാറ്റിനും ഉപരിയായി ഇതാ ഞാൻ നിന്റെ മുമ്പിൽ; എപ്പോഴും നിന്റെ കൂടെ – I AM.